# പതിനാലാം കേരള നിയമസഭ
# ഇരുപത്തിരണ്ടാം സമ്മേളനം

## ബാർ ലൈസൻസ്

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1079** **14.01.2021-ൽ മറുപടിയ്ക്ക്**

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
|---|---|
| എ) 2017-ൽ സംസ്ഥാനത്ത് കേവലം ഇരുപത്തി ഒൻപത് ബാറുകൾ മാത്രം ഉണ്ടായിരുന്നിടത്ത് ഇപ്പോൾ ബാറുകളുടെ എണ്ണം അഞ്ഞൂറ്റി അറുപത്തിയഞ്ച് ആയി വർദ്ധിച്ചിട്ടുണ്ടോ; | എ) മുൻ സർക്കാരിന്റെ കാലത്ത് 2014-15 വർഷം സംസ്ഥാനത്ത് 748 ബാർ ഹോട്ടലുകൾ പ്രവർത്തിച്ചിരുന്നു. പ്രസ്തുത കാലയളവിൽ നിലവിൽ വന്ന അബ്കാരി നയത്തിന്റെ അടിസ്ഥാനത്തിൽ 29 ബാർ ലൈസൻസ് ഒഴികെയുള്ളവ റദ്ദ് ചെയ്തിട്ടുള്ളതാണ്. എന്നാൽ ലൈസൻസ് റദ്ദ് ചെയ്തതായി പറയുന്ന ഹോട്ടലുകൾക്ക് ബിയർ & വൈൻ പാർലർ ലൈസൻസ് അനുവദിച്ച് നൽകുകയാണ് ഉണ്ടായത്. ഇത്തരത്തിൽ യു.ഡി.എഫ് സർക്കാർ അധികാരം ഒഴിയുമ്പോൾ സംസ്ഥാനത്ത് 29 ബാർ ഹോട്ടലുകളും 813 ബിയർ/വൈൻ പാർലറുകളും പ്രവർത്തിച്ചിരുന്നു.മുൻ സർക്കാരിന്റെ കാലയളവിൽ ബിയർ/വൈൻ പാർലറായി മാറ്റിയ ബാർ ഹോട്ടലുകളിൽ 407 ഹോട്ടലുകൾക്ക് പുതുക്കിയ അബ്കാരി പോളിസിയിലേയും വിദേശമദ്യ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി മുൻപുണ്ടായിരുന്ന ബാർ ലൈസൻസ് |

പുതുക്കി നൽകിയിട്ടുള്ളതാണ്. ഇവയിൽ നിലവിൽ പ്രവർത്തിക്കാത്ത അഞ്ച് ലൈസൻസുകൾ ഉണ്ട്. ഇവയൊഴികെ സംസ്ഥാനത്ത് നിലവിൽ ആകെ 619 ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നു.

| | | | |
|---|---|---|---|
| ബി) | ഈ സർക്കാർ അധികാരമേറ്റശേഷം മുന്നൂറ്റി എൺപത്തിമൂന്ന് ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ടോ; ഇതിന് പുറമേ ഇരുന്നൂറ്റി എഴുപത്തി ഏഴ് ബെവ്കോ ഔട്ട്ലെറ്റുകൾ സർക്കാർ തന്നെ നേരിട്ട് നടത്തുന്നതായും സംസ്ഥാനത്തുണ്ടോ; എത്ര ബിയർ പാർലറുകൾക്കാണ് ഈ സർക്കാർ അനുമതി നൽകിയത് എന്നറിയിക്കുമോ; | ബി) | ഈ സർക്കാർ വന്ന ശേഷം 188 പുതിയ ബാർ ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്.കൂടാതെ മുൻ സർക്കാരിന്റെ കാലയളവിൽ ബിയർ/വൈൻ പാർലറായി മാറ്റിയ ബാർ ഹോട്ടലുകളിൽ 407 ഹോട്ടലുകൾക്ക് പുതുക്കിയ അബ്കാരി പോളിസിയിലേയും വിദേശമദ്യ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി മുൻപുണ്ടായിരുന്ന ബാർ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതാണ്. സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷന് കീഴിൽ 270 ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുവാനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 46 പുതിയ ബിയർ & വൈൻ പാർലർ ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്. |
| സി) | സംസ്ഥാനത്ത് പതിനായിരത്തിന് മുകളിൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരസ്വഭാവമുള്ളതെന്ന് കണക്കാക്കി അവിടെ മദ്യശാലകൾ തുറക്കാൻ അനുമതി നൽകിയത് ഈ സർക്കാരിന്റെ കാലത്താണോ ; | സി) | ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ C.A.No.12164-12166 ലെ 23.02.2018 ലെ ഉത്തരവനുസരിച്ച്, 16.03.2018 തീയതിയിലെ ജി.ഒ (എം.എസ്) നം. 23/2018/നി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, ദേശീയ/സംസ്ഥാന പാതയോരത്തിന് സമീപം മദ്യ ശാലകൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ സ്ഥാപനങ്ങളുടെ അപേക്ഷ വ്യക്തിഗതമായി പരിഗണിക്കുന്നതിന്, നിലവിലുള്ള |

സെൻസസ്/ പഞ്ചായത്ത് വകുപ്പ് രേഖകൾക്ക് അനുസൃതമായി 10000 ത്തിൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരസ്വഭാവമുള്ളതായി കണക്കാക്കിയിട്ടുള്ളതും അവിടെ നിയമാനുസൃതമായി മദ്യശാലകൾ തുറക്കാൻ ഈ സർക്കാരിന്റെ കാലത്ത് അനുമതി നല്കിയിട്ടുള്ളതുമാണ്.

ഡി) ജനസംഖ്യ പതിനായിരത്തിൽ താഴെയാണെങ്കിലും അവിടെ വിനോദസഞ്ചാര മേഖലയുണ്ടെങ്കിൽ മദ്യശാലകൾ തുറക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

ഡി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ C.A.No.12164-12166 ലെ 23.02.2018 ലെ ഉത്തരവനുസരിച്ച് 16.03.2018 തീയതിയിലെ ജി.ഒ (എം.എസ്) നം. 23/2018/നി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, ദേശീയ/സംസ്ഥാന പാതയോരത്തിന് സമീപം മദ്യ ശാലകൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ സ്ഥാപനങ്ങളുടെ അപേക്ഷ വ്യക്തിഗതമായി പരിഗണിക്കുന്നതിനും, വിനോദ സഞ്ചാരമേഖലകളായി നികുതി വകുപ്പോ വിനോദ സഞ്ചാര വകുപ്പോ നിർണയിച്ച് പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളും അടിസ്ഥാന സൗകര്യങ്ങളുടെ വികസനങ്ങളുടെ കാര്യത്തിൽ നഗരങ്ങൾക്ക് സമാനമായ സ്വഭാവമുള്ള മേഖലയായി കണക്കാക്കാവുന്നതാണെന്ന് ഉത്തരവായിട്ടുള്ളതും നികുതി വകുപ്പ് വിനോദ സഞ്ചാരമേഖലകളായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിയമാനുസരണം മദ്യശാലകൾ തുറക്കാൻ അനുമതി നല്കിയിട്ടുള്ളതുമാണ്.

| | | |
|---|---|---|
| **ഇ)** | മദ്യശാലകൾ തുറക്കാൻ ഗ്രാമപഞ്ചായത്തിന്റെ അനുമതി വേണമെന്ന പഞ്ചായത്ത് രാജ് ആക്ടിലെ 232(2)പ്രകാരമുള്ള വ്യവസ്ഥയും ആരാധനാലയങ്ങളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും മദ്യശാലകൾ നിശ്ചിത അകലം പാലിക്കണമെന്ന 232(3) പ്രകാരമുള്ള വ്യവസ്ഥയും ഈ സർക്കാർ റദ്ദ് ചെയ്യുക ഉണ്ടായോ ; | **ഇ)** മദ്യശാലകൾ തുറക്കാൻ ഗ്രാമപഞ്ചായത്തിന്റെ അനുമതി വേണമെന്നതുമായി ബന്ധപ്പെട്ട പഞ്ചായത്ത് രാജ് ആക്ടിലെ 232(2),232(3) വ്യവസ്ഥകൾ 2017 ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് പ്രകാരം റദ്ദാക്കിയിട്ടുണ്ട്. നിലവിലെ അബ്കാരി നിയമപ്രകാരം 3 സ്റ്റാർ ക്ലാസിഫിക്കേഷൻ ഉള്ള ബാർ ഹോട്ടലുകളും ബിയർ & വൈൻ പാർലറുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ആരാധനാലയങ്ങളിൽ നിന്നും SC/ST കോളനികളിൽ നിന്നും, ശ്മശാനങ്ങളിൽ നിന്നും 200 മീറ്റർ ചുറ്റളവിൽ നിന്നും പുറത്തായിരിക്കണമെന്നും 3 സ്റ്റാറിന് മുകളിൽ ക്ലാസിഫിക്കേഷൻ ഉള്ള ബാർ ഹോട്ടലുകളും ബിയർ & വൈൻ പാർലറുകളും വിദ്യഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ആരാധനാലയങ്ങളിൽ നിന്നും SC/ST കോളനികളിൽ നിന്നും, ശ്മശാനങ്ങളിൽ നിന്നും 50 മീറ്റർ ചുറ്റളവിൽ നിന്നും പുറത്തായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്. |
| **എഫ്)** | എങ്കിൽ ഇത് സംസ്ഥാനത്ത് മദ്യശാലകളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യം ഒരുക്കുകയുണ്ടായോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | **എഫ്)** സംസ്ഥാനത്തൊട്ടാകെ സമാനമായ മദ്യനയം നടപ്പാക്കുന്നതിന്റെ ഭാഗമായും നിലവിലുള്ള ലൈസൻസികളും പുതിയ അപേക്ഷകരും തമ്മിലുള്ള വിവേചനം ഒഴിവാക്കുന്നതിന്റെയും ഭാഗമായാണ് പഞ്ചായത്ത് രാജ് ആക്ടിലെ 232(2) പ്രകാരമുള്ള വ്യവസ്ഥയും 232(3) പ്രകാരമുള്ള വ്യവസ്ഥയും 2017 ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് പ്രകാരം ഈ സർക്കാർ റദ്ദ് ചെയ്തിട്ടുള്ളത്. ഇതിന്റെ ഫലമായി സംസ്ഥാനത്ത് മദ്യശാലകളുടെ എണ്ണം വർദ്ധിക്കുന്ന |

സാഹചര്യം ഉണ്ടായിട്ടില്ല.സംസ്ഥാനത്ത് നിലവിലുള്ള വിദേശമദ്യ ചട്ടം അനുശാസിക്കുന്ന യോഗ്യതയുള്ള ഹോട്ടലുകൾക്ക് മാത്രമാണ് ഈ സർക്കാർ ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**